**കേരള സർക്കാർ**

നം. 30977/ഡി.എ1/2009/തസ്വഭവ

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

തിരുവനന്തപുരം, തീയതി: 30-05-2009

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - രാഷ്ട്രീയ കൃഷി വികാസ് യോജന - 2009-10 ലെ ജില്ലാതല കാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. കാർഷികോത്പ്പാദന കമ്മീഷണർ 04.05.2009-ൽ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർമാർക്ക് അയച്ച 9442/പി.പി.എം/2009/ എ.ഡി. നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 25.05.2009-ലെ യോഗ തീരുമാനം.

പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് കൃഷിയിലും അനുബന്ധ മേഖല കളിലും പ്രതിവർഷം 4 ശതമാനത്തിൽ കുറയാതെ വളർച്ചാ നിരക്ക് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 'രാഷ്ട്രീയ കൃഷി വികാസ് യോജന' (ആർ.കെ.വി.വൈ). ഈ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള മുഖ്യ നിബന്ധനകളിൽ ഒന്ന് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സമഗ്ര കാർഷിക വികസന പദ്ധതികൾ തയ്യാറാക്കണം എന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര കാർഷിക വികസന പദ്ധതികളെ അടിസ്ഥാനമാക്കിയാണ് ആർ.കെ.വി.വൈ പ്രകാരം പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടത്. ജില്ലാ ആസൂത്രണ സമിതിയുടെ ചുമതലയിൽ സമഗ്ര ജില്ലാതല കാർഷിക പദ്ധതി (Comprehensive District Agriculture Plan) തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗരേഖ സർക്കാട് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

2. മുകളിൽ വിവരിച്ചതു പ്രകാരം വിവിധ സ്കീമുകളും ഫണ്ടുകളും സമന്വയിപ്പിച്ച് സമഗ്ര ജില്ലാതല കാർഷിക പദ്ധതി തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. എന്നാൽ 2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ സംസ്ഥാനതല സാംഗ്ഷനിംഗ് കമ്മിറ്റിയുടെ (SLSC) അംഗീകാരത്തോടെ 2009 ജൂണിൽ തന്നെ കേന്ദ്രഗവൺ മെന്റിന് സമർപ്പിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ 2009-10 വർഷത്തെ പ്രോജക്ട് നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2.1 കൃഷി, ജലസേചനം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം മുതലായ കൃഷി-അനുബന്ധ മേഖലകളിൽ പ്രോജക്ടുകൾ നിർദ്ദേശിക്കാവുന്ന താണ്.

2.2 വിഭവങ്ങൾ നേരിയതോതിൽ വിന്യസിക്കുന്ന രീതിയിലുള്ള പ്രോജക്ടുകൾ ഈ പദ്ധതിയിൽ അനുവദനീയമല്ല. അതിനാൽ സാമാന്യം വർദ്ധിച്ച തോതിൽ അടങ്കൽതുക വരുന്ന പ്രോജക്ടുകൾ മാത്രമേ നിർദ്ദേശിക്കാൻ പാടുള്ളൂ. ലഭ്യമാകുമെന്ന് ഉറപ്പുള്ള മറ്റ് സ്രോതസുകളിലെ വിഹിതവുമായി സംയോജിപ്പിച്ചും പ്രോജക്ടുകൾ നിർദ്ദേശിക്കാവുന്നതാണ്.

2.3 കൃഷി-അനുബന്ധ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിനു പകരം കഴിയുന്നതും ഉത്പാദന വർദ്ധനവ് ലക്ഷ്യമിടുന്ന പ്രോജക്ടുകളാണ് നിർദ്ദേശിക്കേണ്ടത്.

2.4 പ്രോജക്ട് നിർദ്ദേശങ്ങൾ സൂചന ഒന്ന് പ്രകാരം നൽകിയ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം. പ്രസ്തുത കത്തിന്റെ പകർപ്പ് ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്.

2.5 2009–10–ലെ 'ആർ.കെ.വി.വൈ–ജില്ലാതല കാർഷിക പദ്ധതി' തയ്യാറാക്കുന്നതിന് ചുവടെയുള്ള നടപടിക്രമങ്ങൾ നിശ്ചയിക്കുന്നു.

(1) ബ്ലോക്ക്തലത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ ആവിഷ്കരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു യോഗം സംഘടിപ്പിക്കണം. ആ യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരും, ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തുകളിലെയും നീർത്തട പരിപാലന വർക്കിംഗ് ഗ്രൂപ്പുകളുടെ വൈസ് ചെയർമാൻമാരും കൺവീനർമാരും, ഗ്രാമപഞ്ചായത്തുകളിലെ വെറ്ററിനറി സർജൻമാർ/സീനിയർ വെറ്ററിനറി സർജൻമാർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർമാർ, ഫിഷറീസ് സബ് ഇൻസ്പെക്ടർമാർ മുതലായവർ, ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ വെറ്ററിനറി സർജൻ/അസിസ്റ്റന്റ് ഡയറക്ടർ (മൃഗസംരക്ഷണം), കൃഷി–അനുബന്ധ മേഖലകളിലെ വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗത്തിൽ വച്ച് ബ്ലോക്ക് തലത്തിൽ നിർദ്ദേശിക്കാവുന്ന പ്രോജക്ടുകളും അവയുടെ മുൻഗണനയും നിശ്ചയിക്കണം. ഇപ്രകാരം അന്തിമമാക്കുന്ന ബ്ലോക്ക്തല കാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ 2009 ജൂൺ 6–നകം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറെ അറിയിക്കണം.

(2) തുടർന്ന് ബ്ലോക്ക്തല കാർഷിക പദ്ധതികൾ സംയോജിപ്പിച്ചും നഗരപ്രദേശങ്ങളിലെ പ്രോജക്ട് നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയും ജില്ലാതല കാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു യോഗം ചേരേണ്ടതാണ് ആ യോഗത്തിൽ ജില്ലാ ആസൂത്രണസമിതി അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർ, കോർപ്പറേഷൻ മേയർ, ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിലെയും നഗരസഭകളിലെയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ജില്ലാ പഞ്ചായത്തിലെയും നഗരസഭകളിലെയും നീർത്തട പരിപാലന വർക്കിംഗ് ഗ്രൂപ്പുകളുടെ വൈസ് ചെയർമാൻമാരും കൺവീനർമാരും, ഡെപ്യൂട്ടി ഡയറക്ടർ (കൃഷി), ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം), ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ (ക്ഷീരവികസനം), ഡെപ്യൂട്ടി ഡയറക്ടർ (ഫിഷറീസ്) മുതലായ ഉദ്യോഗസ്ഥർ, ഗവേഷണ–വികസന സ്ഥാപനങ്ങളുടെയും അക്കാദമിക് സ്ഥാപനങ്ങളുടെയും പ്രതിനിധികൾ, ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ദ്ധർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. ഇപ്രകാരം സംഘടിപ്പിക്കുന്ന യോഗത്തിൽ വച്ച് ജില്ലാതല കാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതും പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതുമാണ്. ഈ രീതിയിൽ 2009 ജൂൺ 10–നകം ജില്ലാതല കാർഷിക പദ്ധതി അന്തിമമാക്കേണ്ടതാണ്.

(3) മുകളിൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്ന 2009–10–ലെ "ആർ.കെ.വി.വൈ–ജില്ലാതല കാർഷിക പദ്ധതി" ജില്ലാ ആസൂത്രണസമിതി യോഗം ചേർന്ന് അംഗീകരിക്കേണ്ടതും 2009 ജൂൺ 15–നകം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കൃഷി വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 അഡീഷണൽ ചീഫ് സെക്രട്ടറി
8 പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ്
9 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
10 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
11 പഞ്ചായത്ത് ഡയറക്ടർ
12 ഗ്രാമവികസന കമ്മീഷണർ
13 നഗരകാര്യ ഡയറക്ടർ
14 ഡയറക്ടർ, കൃഷി വകുപ്പ്
15 ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
16 ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
17 ഡയറക്ടർ, ഫിഷറീസ് വകുപ്പ്
18 മുഖ്യ നഗരാസൂത്രകൻ
19 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
20 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
21 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
22 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
24 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
25 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
26 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
27 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
28 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
29 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
30 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
31 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
32 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
33 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
35 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
36 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
5. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ